ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, മട്ടന്നൂർ ആശുപത്രിയിൽ ഇപ്പോൾ 45 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. 45 കിടക്കകൾ കൂടി ഇടാനുള്ള കെട്ടിടവും തയ്യാറായിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ ഇപ്പോൾ നിലവിലില്ല. ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2, കുക്ക് എന്നീ വിഭാഗങ്ങളിൽ ഓരോ ഒഴിവുണ്ട്. 20 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ആമ്പുലൻസ് സൗകര്യവും ഔട്ട് പേഷ്യന്റ് സർവ്വീസും നിലവിലുണ്ട്. പുതിയ കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇരിട്ടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള സിവിൽ സർജന്റേയും പാർട്ട്ടൈം സ്വീപ്പറുടേയും ഒഴിവ് നികത്തുവാൻ നടപടി സ്വീകരിക്കും. ശരാശരി 15 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ആമ്പുലൻസ്, ലാബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. മട്ടന്നൂരിലും ഇരിട്ടിയിലും പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. പക്ഷേ ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇത് നടപ്പാക്കാൻ കഴിയുകയുള്ളൂ. പേരാവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ 52 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. നഴ്സിംഗ് സൂപ്രണ്ട്, ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ഓരോ ഒഴിവുള്ളത് നികത്തുവാൻ നടപടി സ്വീകരിച്ചുവരുകയാണ്. ശരാശരി 65 രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ട്. ലാബോറട്ടറി, ആംബുലൻസ് സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. ഓപ്പറേഷൻ തിയേറ്ററിന്റെ അറ്റകുറ്റ പണികൾക്കായി നാലുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പണി തുടങ്ങുവാനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

(5) യു. എ. ഇ. -ലേയ്ക്കുള്ള ടിക്കറ്റ് ചാർജ് കുറയ്ക്കണമെന്നും സ്വകാര്യ വിമാനകമ്പനികൾക്ക് യു.എ.ഇ. സെക്ടർ തുറന്നു കൊടുക്കണമെന്നുമുള്ള ആവശ്യങ്ങൾ

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ യു.എ.ഇ.യിലേയ്ക്കുള്ള വിമാന ടിക്കറ്റ്ചാർജ് കുറയ്ക്കണമെന്ന ആവശ്യത്തിന് വളരെ കാലത്തെ പഴക്കമുണ്ട്. എന്നാൽ അതിന് യാതൊരു പരിഹാര നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. എയർ ഇൻഡ്യയുടേയും ഇൻഡ്യൻ എയർലൈൻസിന്റേയും കുത്തകയാണ് ഗൾഫ് റൂട്ട്. ആ കുത്തകാവകാശത്തിന്റെ ബലത്തിൽ ഇവർ യാത്രക്കാരെ പിഴിയുകയാണ്. ഇപ്പോൾ തുറന്ന ആകാശം എന്ന ഓപ്പൺ സ്പെയ്സ് പോളിസി പ്രഖ്യാപിച്ചപ്പോഴും ഗൾഫ് സെക്ടർ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഇത് കടുത്ത വിവേചനമാണ്. പ്രതിവർഷം 9 ലക്ഷം മലയാളികൾ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നുണ്ട്. അവരോടുള്ള വെല്ലുവിളിയാണിത്. നിക്ഷിപ്ത താൽപ്പര്യങ്ങളും വലിയ ലോബിയുമാണ് ഈ തീരുമാനത്തിന് പിന്നിൽ എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് മറ്റ് രാജ്യങ്ങളിലേയ്ക്ക് പറക്കാൻ വിമാന കമ്പനികൾക്ക് അനുമതി നൽകുന്നതുപോലെ സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വിമാന കമ്പനികൾക്ക് യു.എ.ഇ. സെക്ടറും തുറന്നു കൊടുക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും അതിന് സമ്മർദ്ദം ചെലുത്തി ആവശ്യമായ തീരുമാനം എടുപ്പിക്കുകയും ചെയ്യണമെന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിമാന കമ്പനികൾ തമ്മിൽ മത്സരിക്കുമ്പോൾ അതിന്റെ പ്രയോജനം യാത്രക്കാർക്കുണ്ടാകും. ടിക്കറ്റ് നിരക്കിൽ കുറവുണ്ടാകും. മറ്റു സൗകര്യങ്ങളും ഉണ്ടാകും. എയർ അറേബ്യയുടെ ചെലവു കുറഞ്ഞ മുംബൈ സർവ്വീസ് ആരംഭിക്കുകയാണ് എന്ന പ്രഖ്യാപനം വന്നു. ആ കൂട്ടത്തിലും കേരളത്തിലെ ഏതെങ്കിലും വിമാനത്താവളങ്ങളെ സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടില്ല. ഏറ്റവും കൂടുതൽ ആളുകൾ മലയാളികളാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ ഗൗരവമായി പരിഗണിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെ ഈ സഭയിൽ ചോദ്യോത്തര വേളയിൽ യു.എ.ഇ.-യിലെ ആളുകളെ പീഡിപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. യു.എ.ഇ.-യിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെക്കുറിച്ച് യാതൊരു കണക്കുമില്ല. ആ കണക്ക് ഇല്ലാത്തതുകൊണ്ട് അത്തരം കാര്യങ്ങളിൽ പരാതി നൽകാനും അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താനും ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് യു.എ.ഇ.-യിൽ എത്ര മലയാളികളുണ്ട് എന്നതിനെക്കുറിച്ച് ഒരു കണക്കെടുപ്പ് നടത്തുന്നതിന് ആവശ്യമായ ക്രമീകരണം കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഉണ്ടാക്കാൻ നടപടി ഉണ്ടാകണം. അതുപോലെ ഇത്തരം പരാതികൾ, ലേബർ ക്യാമ്പുകളിൽ ഉൾപ്പെടെയുള്ള സാധാരണക്കാരായ ആളുകളെ സംബന്ധിച്ച് പരാതി സമർപ്പിക്കേണ്ടിവരുമ്പോൾ കോൺസിലേറ്റുകളിൽ മലയാളി ഉദ്യോഗസ്ഥൻമാരുടെ അഭാവം വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുകൊണ്ട് ഇപ്പോൾ വിദേശകാര്യ സഹമന്ത്രിയായി കേരളത്തിൽ നിന്നുള്ള എം.പി. ശ്രീ.ഇ. അഹമ്മദ് അടക്കമുള്ളവർ പ്രവർത്തിക്കേണ്ട ഒരു അവസരമാണ്. അതുകൊണ്ട് കോൺസിലേറ്റുകളിൽ കുറഞ്ഞത് ഒരു മലയാളി ഉദ്യോഗസ്ഥനെ പോസ്റ്റ് ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണം കൂടി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ഉണ്ടാക്കാൻ ആവശ്യമായ നടപടി ഉണ്ടാകണം. ഇത് യു.എ.ഇ.-യിലെ മലയാളികളുടെ നിരന്തരമായ ആവശ്യമാണ്. ഇത് അറിയാവുന്ന ഒരാൾ എന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ഗൾഫിലുള്ള പതിനാറായിരത്തോളം വരുന്ന മലയാളികളെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. അതിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് യാത്രാ പ്രശ്നമാണ്. ഗൾഫ് സെക്ടറിലെ എയർ ഇൻഡ്യയുടെ മൊണോപൊളി നിൽക്കുകയും അമിതമായി ചാർജ് ഈടാക്കുകയും ചെയ്യുന്നതിന് പല പ്രാവശ്യം നിവേദനം കൊടുത്തു; ഈ സഭ തന്നെ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുമുണ്ട്. പക്ഷേ അതിന് കാര്യമായ മാറ്റം വന്നിട്ടില്ല. ഇപ്പോൾ എയർ ഇൻഡ്യ എക്സ്പ്രസ് എന്ന് പറയുന്ന ഒരു സർവ്വീസ് ഈ ഏപ്രിൽ മാസം മുതൽ തുടങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്. 25 ശതമാനം മുതൽ 30 ശതമാനം വരെ അതിന്

LIBRARY ARCHIVES Kerala Legislative Assembly

ചാർജ് കുറവായിരിക്കും. അത്രയും ആശ്വാസം കിട്ടും. അതോടൊപ്പം തന്നെ ഇവിടെ ചെലവ് കുറഞ്ഞ വിമാന സർവ്വീസ് നടത്താൻവേണ്ടി എയർ അറേബ്യ മുന്നോട്ടു വന്നിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രിയെ ഞാൻ നേരിട്ടു കണ്ടു സംസാരിച്ചു. അദ്ദേഹം അനുഭാവപൂർവ്വമായ മറുപടിയാണ് തന്നിരിക്കുന്നത്. എയർ ഇൻഡ്യ എക്സ്പ്രസ് സർവ്വീസ് തുടങ്ങിയതിനുശേഷം ഈ കാര്യം പരിഗണിക്കുമെന്നുള്ള ഉറപ്പ് തന്നിട്ടുണ്ട്. അതുകൊണ്ട് വളരെ പ്രതീക്ഷയോടുകൂടി നമ്മൾ കാത്തിരിക്കുകയാണ്. അതുപോലെ തന്നെ എംബസികളിൽ മലയാളി ഉദ്യോഗസ്ഥൻമാർ വേണം എന്നുള്ള ആവശ്യം ഏറ്റവും ന്യായമായിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം ഞാൻ ഇവിടെ ഇക്കാര്യം പറഞ്ഞിരുന്നു. കേന്ദ്ര സഹമന്ത്രി ശ്രീ. ഇ. അഹമ്മദിന്റെ ശ്രദ്ധയിൽ ഈ വിഷയം പെടുത്തിയിട്ടുണ്ട്; അദ്ദേഹം ആ ഒരു നല്ല സമീപനം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏറ്റവും വേഗം ഈ കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. പതിനാറു ലക്ഷത്തോളം വരുന്ന ആളുകളുടെ കണക്കാണ് നമുക്ക് ഇപ്പോൾ ഉള്ളത്. കൂടെക്കൂടി വ്യക്തമായ കണക്കുകൾ ശേഖരിക്കുന്നതിനുള്ള നടപടി നോർക്ക വഴി നടത്തും

(6) പേറ്റന്റ് ഭേദഗതി ഓർഡിനൻസും വിത്തുബില്ലും കാർഷിക മേഖലയിൽ ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ

ശ്രീ. പി. സി. ജോർജ് : സർ. കേന്ദ്ര ഗവൺമെന്റ് രാജ്യസഭയിൽ അവതരിപ്പിച്ച വിത്ത് നിയമവും കേന്ദ്രം പുറപ്പെടുവിച്ചിരിക്കുന്ന പേറ്റന്റ് ഭേദഗതി ഓർഡിൻസും കേരളത്തിലെ കർഷക സമൂഹത്തെ ദുരിതത്തിലാക്കാൻ പോവുകയാണ്. ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനുവേണ്ടി രാജ്ഭവന്റെ മുൻപിൽ കേരള കോൺഗ്രസ് പാർട്ടി ഉപവാസം അനുഷ്ഠിക്കുകയാണ്. കേരളത്തിലെ കൃഷി യോഗ്യമായ 29.76 ലക്ഷം ഹെക്ടർ സ്ഥലത്ത് 6298389 കർഷകർ കൃഷി ചെയ്യുന്നതായി സംസ്ഥാന സാമ്പത്തിക അവലോകനം വെളിപ്പെടുത്തുന്നു. അതിൽ 3.1 ലക്ഷം ഹെക്ടർ സ്ഥലത്ത് നെല്ലും 2.08 ഹെക്ടർ സ്ഥലത്ത് കുരുമുളകും 1 ലക്ഷം ഹെക്ടർ സ്ഥലത്ത് കപ്പയും 8.99 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങും 4.76 ഹെക്ടർ സ്ഥലത്ത് റബ്ബറും 1.09 ലക്ഷം ഹെക്ടർ സ്ഥലത്ത് വാഴയും കൃഷി ചെയ്യുന്നു. കർഷകർ സ്വന്തം കൃഷിയിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളിൽ നിന്ന് നല്ലത് എടുത്ത് വിത്താക്കി അടുത്ത വിളവെടുപ്പിനുവേണ്ടി ഉപയോഗിക്കുകയാണ്. പുതിയ വിത്ത് നിയമം പ്രാബല്യത്തിൽ വരുമ്പോൾ കർഷകർക്ക് സ്വന്തമായി ഇങ്ങനെ ചെയ്യാൻ സാധിക്കില്ല ഡൽഹി ആസ്ഥാനമാക്കി സ്ഥാപിച്ചിരിക്കുന്ന സെൻട്രൽ സീഡ് കമ്മിറ്റിയിലും സംസ്ഥാന തലത്തിൽ സ്റ്റേറ്റ് സീഡ് കമ്മിറ്റിയിലും രജിസ്റ്റർ ചെയ്താലേ ഇനി മുതൽ കർഷകർക്ക് സ്വന്തം സ്ഥലത്ത് ഒരു വാഴയെത്ത നടാൻപോലും സാധിക്കുകയുള്ളൂ. ഈ രണ്ട് കമ്മിറ്റികളിലും രജിസ്റ്റർ ചെയ്യണമെന്നാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ തന്നെ കേരളത്തെ ഞെട്ടിച്ച സുനാമി ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നത് കേരളത്തിലെ കർഷകരെയാണ്. ജനസംഖ്യയുടെ 60 ശതമാനം, കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന 6298389 കർഷകരിൽ 2555000-ത്തോളം കർഷക

LIBRARY ARCHIVES Kerala Legislative Assembly